**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2100** **06-07-2022 - ൽ മറുപടിയ്ക്ക്**

**ചിറയിൻകീഴ് താലൂക്ക് ആശുപത്രിയുടെ അടിസ്ഥാന സൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ കിഫ്ബി വഴി നടപ്പാക്കുന്ന അടിസ്ഥാന സൗകര്യ വികസനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | (എ) | ഒരു പുതിയ ആശുപത്രി സമുച്ചയം, പൈതൃക കെട്ടിടത്തിന്റെ നവീകരണം, അനുബന്ധ സൗകര്യങ്ങളുടെ വികസനം, പുതിയ ആശുപത്രി ബ്ലോക്കിനുള്ള ഉപകരണങ്ങ ളുടെയും ഫർണിച്ചറുകളുടെയും സജ്ജ മാക്കൽ, ബാഹ്യ അടിസ്ഥാന സൗകര്യ ങ്ങളുടെ വികസനം എന്നിവയ്ക്കായി ഏഴ് നില കെട്ടിടമാണ് ചിറയിൻകീഴ് താലൂക്ക് ആശുപത്രിയിൽ നിർമ്മിക്കുന്നത്. പ്രസ്തുത കെട്ടിടത്തിൽ ഓപ്പറേഷൻ തീയേറ്റർ, എക്സ്റേ, ബ്ലഡ് ബാങ്ക്, ഡയാലിസിസ് യൂണിറ്റ്, ഓർത്തോ എന്നിങ്ങനെയുള്ള സൗകര്യങ്ങളാണ് ഉൾപ്പെടുത്തിയിരി ക്കുന്നത്. |
| (ബി) | പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ്, സീവേജ് തുടങ്ങിയ വർക്കുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും ഓരോ വർക്കും എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്നും വിശദീകരിക്കാമോ? | (ബി) | മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ്, സീവേജ് തുടങ്ങിയ വർക്കുകൾ മൂന്നാം ഘട്ട പാക്കേജ് ആയി പരിഗണിക്കുന്നതിനായി സാങ്കേതിക അനുമതിയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പ്രസ്തുത നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതും സമയബന്ധിതമായി മേൽ പ്രവൃത്തികൾ പൂർത്തിയാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ